"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി - കൊല്ലം നഗരസഭയിൽ റവന്യു ഇൻസ്പെക്ടർ - മരണപ്പെട്ട ആസാദ്. ഐ.-യുടെ മകൻ ശ്രീ.അഹമ്മദ് കബീർ.എ - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം- തസ്തിക മാറ്റം -അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/LSGD തീയതി,തിരുവനന്തപുരം, 08-01-2025

---

പരാമർശം:-
1. സ.ഉ.(പി) നം. 12/99/ഉഭപവ തീയതി 24.05.1999
2. ശ്രീ.അഹമ്മദ് കബീർ.എ സമർപ്പിച്ച 22.10.2022 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
3. സ.ഉ(സാധാ)നം 135/2023/തസ്വഭവ തീയതി 04.07.2023

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊല്ലം നഗരസഭയിൽ റവന്യു ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 14.08.2022 തീയതിയിൽ മരണപ്പെട്ട ആസാദ്. ഐ-യുടെ മകൻ ശ്രീ.അഹമ്മദ് കബീർ.എ പരാമർശം (2)പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് കൊല്ലം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക് /ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് പരാമർശം(3)സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു

2.സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ നൽകിയ സമയത്ത് Polytechnic Diploma in Civil Engineering ന്റെ സർട്ടിഫിക്കറ്റ് കൈവശം ഇല്ലാതിരുന്നതിനാൽ അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്നില്ലായെന്നും നിലവിൽ സർട്ടിഫിക്കറ്റ് കിട്ടിയ സാഹചര്യത്തിൽ അപേക്ഷയുടെ കൂടെ പുതിയ വിദ്യാഭ്യാസ യോഗ്യതയും കൂടി ഉൾപ്പെടുത്തി Engineering Wing ലെ ഓവർസിയർ തസ്തികയിലേക്ക് കൂടി പരിഗണിക്കണമെന്ന് 18.09.2023-ൽ ശ്രീ.അഹമ്മദ് കബീർ.എ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.അഹമ്മദ് കബീർ.എ യുടെ പിതാവ് ആസാദ്.ഐ മരണപ്പെട്ടത് 14.08.2022 ലാണ്. പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കാലയളവിനുള്ളിലാണ് ടിയാൻ തസ്തിക മാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിൽ റവന്യു ഇൻസ്പെക്ടർ ആയി ജോലി ചെയ്ത് വരവെ മരണപ്പെട്ട ആസാദ്.ഐ യുടെ മകനായ ശ്രീ.അഹമ്മദ് കബീർ.എ-

യ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലഭ്യമാകുന്ന നിയമനത്തിൽ Engineering Wing-ലെ ഓവർസിയർ തസ്തിക കൂടി പരിഗണിക്കണമെന്ന അപേക്ഷ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തൃശ്ശൂർ.
സെക്രട്ടറി, കൊല്ലം നഗരസഭ
ജില്ലാ കളക്ടർ , കൊല്ലം.
ശ്രീ.അഹമ്മദ് കബീർ.എ, ആസാദ് മൻസിൽ, എസ്.കെ.എൻ-109 എ, വടക്കേവിള പി.ഒ, കൊല്ലം - 691010
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ./ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 08-01-2025 16:48:56
സെക്ഷൻ ഓഫീസർ